# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 635** — **29.01.2019- ൽ മറുപടിയ്ക്ക്**

## സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് രംഗത്ത് നടപ്പാക്കിയിട്ടുള്ള ആധുനികവൽക്കരണം സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് പുനർക്രമീകരിച്ച് കേരളാ ബാങ്ക് രൂപീകരിക്കുകയാണ്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കും. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക രീതിയിലുള്ള സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തും വിധം എ.റ്റി.എം സംവിധാനം, ആർ.റ്റി.ജി.എസ്/ എൻ.ഇ.എഫ്.റ്റി, മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ വഴി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് പദ്ധതി | (ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി ഇലക്ട്രോണിക്സ് & |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | | ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായ ഒരു ഉദ്യോഗസ്ഥതല സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. ടി സമിതിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ആർ.ബി.ഐയുടെ നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകളിൽ ഏകീകൃത കോർബാങ്കിംഗ് സംവിധാനം സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ? | (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് ഒരു ഏജൻസിയെയും സർക്കാർ നിയോഗിച്ചിട്ടില്ല. 25 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി സർക്കാർ നീക്കിവച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**